# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 16.07.2026**

### പ്രധാനവാർത്തകൾ

1) അമൃത് ഭാരത് സ്റ്റേഷൻ പദ്ധതിക്ക് കീഴിൽ പുനർവികസിപ്പിച്ച 75 റെയിൽവേ സ്റ്റേഷനുകളുടെ ഉദ്ഘാടനം പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ നിർവ്വഹിക്കും. മലപ്പുറത്ത് നവീകരിച്ച 3 സ്റ്റേഷനുകളും നാടിന് സമർപ്പിക്കും.
2) സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷ ഉറപ്പാക്കാൻ യുവജനങ്ങളെ ഉൾപ്പടുത്തി നടപ്പാക്കുന്ന "യൂത്ത് ഫോർ ഫുഡ് സേഫ്റ്റി" പദ്ധതിക്ക് തുടക്കമായി.
3) കൊച്ചിയിൽ ഭക്ഷ്യ വിഷബാധയേറ്റ് ചികിത്സയിൽ കഴിഞ്ഞിരുന്ന മൂന്നുപേർക്ക് ഷിഗല്ല സ്ഥിരീകരിച്ചു.
4) ഭാഗ്യക്കുറി വകുപ്പിന്റെ തിരുവോണം ബമ്പർ ഭാഗ്യക്കുറി ടിക്കറ്റിന്റെ പ്രകാശനം മുഖ്യമന്ത്രി വി. ഡി. സതീശൻ നിർവഹിച്ചു. ഒന്നാം സമ്മാനം 30 കോടി രൂപ.
5) നാളെ കർക്കടകം ഒന്ന്. മാസ പൂജകൾക്കായി ശബരിമല ക്ഷേത്രനട ഇന്ന്  തുറക്കും. തിരക്ക് പ്രമാണിച്ച് പ്രത്യേക സർവീസ് ക്രമീകരിച്ച് കെ. എസ്.ആർ.ടി.സി.
6) ഫുട്ബോൾ പ്രേമികൾ ആവേശത്തോടെ കാത്തിരിക്കുന്ന ലോകകപ്പ് ഫൈനലിന് ഇനി മൂന്നു നാൾ കൂടി. കലാശപ്പോരാട്ടം അർജന്റീനയും സ്പെയ്നും തമ്മിൽ.

PNU TVPM

## പ്രധാനമന്ത്രി - ഹരിയാന

പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ഹരിയാന, ചണ്ഡീഗഢ്, പഞ്ചാബ് എന്നിവിടങ്ങളിൽ സന്ദർശനം നടത്തും. വിവിധ വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി തുടക്കം കുറിക്കും. ഹരിയാനയിൽ രാജ്യത്തെ ആദ്യത്തെ ഹൈഡ്രജൻ ട്രെയിൻ സർവീസ് പ്രധാനമന്ത്രി ഫ്ലാഗ് ഓഫ് ചെയ്യും. അമൃത് ഭാരത് സ്റ്റേഷൻ പദ്ധതിക്ക് കീഴിൽ പുനർവികസിപ്പിച്ച 75 റെയിൽവേ സ്റ്റേഷനു കളുടെ ഉദ്ഘാടനവും പ്രധാനമന്ത്രി നിർവ്വഹിക്കും. മലപ്പുറം ജില്ല യിൽ നവീകരിച്ച 3 സ്റ്റേഷനുകളും ഇതിൽ ഉൾപ്പടുന്നു.

## ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ

കേന്ദ്ര സർക്കാർ അടുത്തിടെ പ്രഖ്യാപിച്ച വിദ്യാഭ്യാസ ഹബ്ബുകളിൽ കേരളവും ഉൾപ്പെടുന്നത് സന്തോഷകരമാണെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേർകർ. തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന കേന്ദ്രസർക്കാർ ഗവേഷണ സ്ഥാപനങ്ങളുടെ ഗവേഷണ കോൺക്ലേവ് ഉദ്ഘാടനം ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽ നിർവഹിക്കുകയായിരുന്നു ഗവർണർ.അനുസന്ധാൻ നാഷണൽ റിസർച്ച് ഫൗണ്ടേഷൻ , അമേരിക്കൻ കെമിക്കൽ സൊസൈറ്റി, തിരുവനന്തപുരം റിസർച്ച് ആൻഡ് ഇന്നോവേഷൻ ക്ലസ്റ്റർ എന്നിവരുടെ നേതൃത്വത്തിലാണ് കോൺക്ലേവ് സംഘടിപ്പിക്കുന്നത്.

RNUTVPM

## ഭക്ഷ്യസുരക്ഷാ വകുപ്പ്

സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ ഉറപ്പാക്കാൻ യുവജനങ്ങളെ ഉൾപ്പടുത്തി നടപ്പാക്കുന്ന "യൂത്ത് ഫോർ ഫുഡ് സേഫ്റ്റി" പദ്ധതിയുടെ ഔദ്യോഗിക പ്രഖ്യാപനം മന്ത്രി കെ. മുരളീധരൻ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യു. ഭക്ഷ്യ സംരംഭകർക്കായുള്ള സംസ്ഥാനതല പരിശീലന പരിപാടിയുടെ ഉദ്ഘാടനവും അദ്ദേഹം നിർവഹിച്ചു. സുരക്ഷിതവും ആരോഗ്യകരവുമായ

ഭക്ഷണ സംസ്കാരം കെട്ടിപ്പടുക്കുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതികൾ നടപ്പാക്കുന്നത്.

## കൊച്ചി – ഷിഗല്ല

കൊച്ചിയിൽ മൂന്നുപേർക്ക് ഷിഗല്ല സ്ഥിരീകരിച്ചു. കത്യക്കടവിലെ അൽ റീം ഹോട്ടലിൽ നിന്നും ഭക്ഷ്യ വിഷബാധയേറ്റ് ചികിത്സയിൽ കഴിയുന്നവർക്കാണ് രോഗ ബാധ. ഹോട്ടലിൽ നിന്ന് മന്തി കഴിച്ച 15 ഓളം പേർക്കാണ് ഭക്ഷ്യവിഷബാധയുണ്ടായത്. മയോണൈസിൽ നിന്നാണ് രോഗബാധ ഉണ്ടായതെന്ന് സംശയിക്കുന്നതായി ആരോഗ്യ വകുപ്പ് അധികൃതർ പറഞ്ഞു. സംഭവത്തെ തുടർന്ന് ഭക്ഷ്യസുരക്ഷാ വകുപ്പ് ഹോട്ടൽ അടച്ചു പൂട്ടുകയും പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കുകയും ചെയ്തിട്ടുണ്ട്.

## തിരുവോണം ബമ്പർ

ഭാഗ്യക്കുറി വകുപ്പിന്റെ തിരുവോണം ബമ്പർ ഭാഗ്യക്കുറി ടിക്കറ്റിന്റെ പ്രകാശനം മുഖ്യമന്ത്രി വി. ഡി. സതീശൻ നിർവഹിച്ചു. ചരിത്രത്തിലെ ഏറ്റവും ഉയർന്ന സമ്മാന തുകയാണ് ഇത്തവണത്തെ ഓണം ബംപറിനുള്ളത്. 30 കോടിയാണ് ഒന്നാം സമ്മാനം. തിങ്കളാഴ്ച മുതൽ ടിക്കറ്റുകൾ വിപണിയിൽ ലഭ്യമാകും. 500 രൂപയാണ് ടിക്കറ്റ് വില

## പര്യത്തുകാവ് ഭൂമി

പര്യത്തുകാവ് ഭൂമി തർക്കത്തിന് ശാശ്വത പരിഹാരം. ഉന്നതിയിലെ ഏഴു കുടുംബങ്ങൾക്ക് നിർമിച്ചു നൽകുന്ന വീടുകളുടെ ശിലാസ്ഥാപനം മന്ത്രി റോജി എം. ജോൺ നിർവഹിച്ചു. പ്രശ്നം രമ്യമായി പരിഹരിക്കാൻ കഴിഞ്ഞതിൽ സന്തോഷമുണ്ടെന്ന് മന്ത്രി പറഞ്ഞു. വീടുകളുടെ നിർമ്മാണം പൂർത്തിയാകുന്നതുവരെ നിലവിലെ വീടുകളിൽ തന്നെ താമസിക്കാൻ കുടുംബങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്.

PMU TVPM

## പാലക്കാട് (ഇൻട്രോ)

പാലക്കാട് ജില്ലയിൽ സപ്ലൈകോ മുഖേനയുള്ള രണ്ടാം വിള നെല്ലെടുപ്പിലെ വില വിതരണം ഇന്നു പുനരാരംഭിക്കും. കേന്ദ്ര താങ്ങുവില ഇനത്തിൽ സംസ്ഥാനത്തിനു ലഭിച്ച 90.91 കോടി രൂപയിൽ നിന്നാണു വില വിതരണം ചെയ്യുക.

വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലി മുത്ത്...

(വോയ്സ്)

## ലക്ഷദ്വീപ് - കൂടിക്കാഴ്ച

ലക്ഷദ്വീപ് MP ഹംദുള്ള സഈദിൻ്റെ നേതൃത്വത്തിൽ ലക്ഷദ്വീപ് കോൺഗ്രസ് പ്രതിനിധി സംഘം മുഖ്യമന്ത്രി വി ഡി സതീശനുമായി കൂടിക്കാഴ്ച നടത്തി. കേരളത്തിലെ വിവിധ സർക്കാർ ആശുപത്രികളിൽ ചികിത്സയ്ക്കായി എത്തുന്ന ലക്ഷദ്വീപ് നിവാസികൾക്ക് പ്രത്യേക പരിഗണന നൽകുക, പ്രകൃതിദുരന്ത സമയങ്ങളിൽ ലക്ഷദ്വീപ് നിവാസികൾക്ക് കേരളത്തിലെ പ്രധാന നഗരങ്ങളിൽ താമസസൗകര്യവും സഹായവും ഒരുക്കുക, തുടങ്ങിയ ആവശ്യങ്ങൾ മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തി യതായി ലക്ഷദ്വീപ് എംപി പറഞ്ഞു.

PNIUTVPM

## ആറന്മുള NDRF പരിശോധന

ആറന്മുള വള്ളസദ്യ, വള്ളംകളി തുടങ്ങിയ ആഘോഷങ്ങൾക്ക് മുന്നോടിയായി പ്രദേശത്തെ അപകടസാധ്യത വിലയിരുത്തുന്നതിനായി NDRF സംഘം സന്ദർശനം നടത്തി. പമ്പ നദിയിലെ സ്റ്റാർട്ടിങ് പോയിന്റ് മുതൽ ഫിനിഷിംഗ് പോയിന്റ് വരെയുള്ള പ്രധാന അപകടമേഖലകൾ പരിശോധിച്ചു.

നിലവിൽ ജലവിതാനം സുരക്ഷിതമാണെന്ന് സംഘം പരിശോധനയ്ക്ക് ശേഷം അറിയിച്ചു.

☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸

## ശബരിമല ( ഇൻട്രോ )

കർക്കടകമാസ പൂജകൾക്കായി ശബരിമല ക്ഷേത്രനട ഇന്ന് വൈകിട്ട് അഞ്ചിനു തുറക്കും. ഇന്നു ഉച്ച മുതൽ പമ്പയിൽ നിന്ന് സന്നിധാനത്തേയ്ക്ക് തീർഥാടകരെ കയറ്റി വിടാൻ ആരംഭിച്ചു. തിരക്ക് പ്രമാണിച്ച് വിവിധ ഡിപ്പോ കളിൽ നിന്നായി കെ. എസ്.ആർ.ടി.സി പ്രത്യേകം ബസ് സർവീസ് നടത്തും. കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ.....

(വോയിസ്....)

RJU TVPM

☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸

## പത്മശ്രീ പങ്കജാക്ഷിയമ്മ

അന്തരിച്ച നോക്കുവിദ്യാ പാവകളി കലാകാരിയും പത്മശ്രീ ജേതാവുമായ മോനിപ്പള്ളി പങ്കജാക്ഷിയമ്മയുടെ സംസ്കാരം ഇന്ന്. ഉച്ചകഴിഞ്ഞ് രണ്ട് മണിക്ക് ഔദ്യോഗിക ബഹുമതികളോടെ വീട്ടുവളപ്പിലാണ് സംസ്കാരം. വാർധക്യ സഹജമായ അസുഖങ്ങളെ തുടർന്ന് ഇന്നലെയായിരുന്നു അന്ത്യം. 90 വയസായിരുന്നു.

☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸

## ഇടുക്കി ടൂറിസം (ഇൻട്രോ)

ഇടുക്കിയുടെ പ്രകൃതിഭംഗിക്ക് മാറ്റുകൂട്ടി സഞ്ചാരികളുടെ പുതിയ ഹരിതവിസ്മയ കേന്ദ്രമായി ആനയിറങ്കൽ ചുണ്ടൽ മാറുന്നു. മതികെട്ടാൻ ചോല ദേശീയോദ്യാനത്തിൻ്റെ മനോഹരമായ വിദൂരക്കാഴ്ചകളും മഞ്ഞും ആസ്വദിക്കാൻ നിരവധി സഞ്ചാരികളാണ് ഇവിടെയെത്തുന്നത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ല പ്രതിനിധി രതീഷ് കൃഷ്ണ...

(വോയ്സ്)

☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸

## ഫിഫ ലോക കപ്പ്

ഫുട്ബോൾ പ്രേമികൾ ആവേശത്തോടെ കാത്തിരിക്കുന്ന ലോകകപ്പ് ഫൈനലിന് ഇനി മൂന്നു നാൾ കൂടി. ഞായറാഴ്ച അർധരാത്രി 12.30 നു നടക്കുന്ന മത്സരത്തിൽ അർജന്റീന സ്പെയിനിനെ നേരിടും. ഇംഗ്ലണ്ടിനെ പരാജയപ്പെടുത്തിയാണ് അർജന്റീന ഫൈനലിൽ ഇടം നേടിയത്. മൂന്നാം സ്ഥാനത്തിനായി ഫ്രാൻസും-ഇംഗളണ്ടും തമ്മിലുള്ള മത്സരം 19 ന് പുലർച്ചെ 2.30ന് നടക്കും.

☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸

RNU TVPM

## ക്രിക്കറ്റ്

മൂന്ന് മത്സരങ്ങളുള്ള ഇന്ത്യ - ഇംഗ്ലണ്ട് ഏകദിന ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം ഇന്ന് വൈകുന്നേരം 5:30 ന് വെയ്ൽസിൽ നടക്കും. ആദ്യ മത്സരത്തിൽ ഇന്ത്യ വിജയിച്ചിരുന്നു.

☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸

## പ്ലസ് വൺ ഫലം

ഹയർ സെക്കന്ററി ഒന്നാം വർഷ പരീക്ഷ ഫലം നാളെ പ്രസിദ്ധീകരിക്കും. results.hse.kerala.gov.in എന്ന വെബ്സൈറ്റിൽ ഫലം ലഭ്യമാകുമെന്ന് പൊതു വിദ്യാഭ്യാസ മന്ത്രിയുടെ ഓഫീസ് അറിയിച്ചു.

☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸

## മൻ കീ ബാത്ത്

പ്രധാനമന്ത്രി നരേന്ദ്ര മോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്തി'ന്റെ 136-ാാം പതിപ്പ് ഈ മാസം 26-ന്. പരിപാടിയിലേക്കുള്ള ആശയങ്ങളും നിർദേശങ്ങളും NaMo App, MyGov എന്നിവയിലൂടെയും 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലൂടെയും ഈ മാസം 24 വരെ പങ്കുവയ്ക്കാം.

## സെൻസസ്

സെൻസസ് 2027-ന്റെ ഭാഗമായുള്ള വിവരശേഖരണം സംസ്ഥാനത്ത് പുരോഗമിക്കുന്നു. ഈ മാസം 30 വരെയാണ് എന്യൂമറേറ്റർമാരുടെ ഭവന സന്ദർശനം. വീടുകളുടെ സെൻസസും പട്ടികപ്പെടുത്തലുമാണ് ഈ ഘട്ട ത്തിൽ നടക്കുന്നത്. അടുത്ത വർഷം ഫെബ്രുവരിയിലാണ് ജനസംഖ്യ കണക്കെടുപ്പ്.

RNUTVPM

## റോഷി അഗസ്റ്റിൻ - വിജിലൻസ്

മലങ്കര ടൂറിസം അഴിമതി ആരോപണത്തിൽ മുൻ മന്ത്രി റോഷി അഗസ്റ്റിന് ക്ലീൻ ചിറ്റ്. ക്രമക്കേടുകൾ കണ്ടെത്താനായില്ലെന്ന് അന്വേഷണ ഉദ്യോഗസ്ഥ നായ ഇടുക്കി വിജിലൻസ് ഡിവൈഎസ്പിയുടെ പ്രാഥമിക റിപ്പോർട്ടിൽ പറയുന്നു. മുട്ടം സ്വദേശിയായ കോൺഗ്രസ് നേതാവ് ബേബി ജോസ് മണ്ടാനമാണ് പദ്ധതിയിൽ അഴിമതി നടന്നതായി പരാതി നൽകിയത്.

## ഇന്ധന നികുതി

രാജ്യത്ത് പെട്രോൾ, ഡീസൽ, വിമാന ഇന്ധനം എന്നിവയുടെ കയറ്റുമതി അധിക എക്സൈസ് നികുതി പരിഷ്കരിച്ച് കേന്ദ്ര സർക്കാർ. പുതുക്കിയ നിരക്കുകൾ ഇന്ന് മുതൽ പ്രാബല്യത്തിൽ വന്നു. പുതിയ നിരക്ക് പ്രകാരം ഡീസലിന്റെ കയറ്റുമതി തീരുവ ലിറ്ററിന് 15 രൂപ 50 പൈസയായും, വിമാന

ഇന്ധനത്തിന്റേത് 14 രൂപ 50 പൈസയായും വർദ്ധിപ്പിച്ചു. എന്നാൽ പെട്രോളിന്റെ കയറ്റുമതി നികുതി ലിറ്ററിന് 2 രൂപ 50 പൈസയായി കുറച്ചിട്ടുണ്ട്.

☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸
☸☸☸☸☸☸☸☸☸☸☸☸☸
☸☸☸☸☸☸☸

RNU TVPM